LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏതൊക്കെ രീതിയിൽ സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാ പഠന നിലവാരം മെച്ചപ്പെടുത്താൻ ഉപകരിച്ചുവെന്ന് വ്യക്തമാക്കാമോ?

സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാ പഠന നിലവാരം ഉയർത്താനായി നിരവധി പദ്ധതികൾ പ്രസ്തുത കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരുന്നു. ഇംഗ്ലീഷ് ഒളിമ്പ്യാഡ്, ഇംഗ്ലീഷ് കാർണിവൽ തുടങ്ങിയ പരിപാടികളിലൂടെയും സമഗ്ര അദ്ധ്യാപക പരിശീലനത്തിലൂടെയും സർട്ടിഫിക്കറ്റ് കോഴ്സിലൂടെയും അദ്ധ്യാപനത്തിന്റെയും അധ്യയനത്തിന്റെയും ഗുണനിലവാരം ഉയർത്താൻ കഴിഞ്ഞു.

(ഡി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഭാഷാ കേന്ദ്രങ്ങൾ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ഹൈസ്കൂൾ, പ്രൈമറി ഇംഗ്ലീഷ് അദ്ധ്യാപകർക്കായി ഓൺലൈൻ പരിശീലനം ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷ് മുഖാന്തിരം നടത്തിയിട്ടുണ്ട്.

സ്കൂളുകളിൽ മലയാള ഭാഷാ പഠനം

19 (*379) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പത്താംതരം വരെ മലയാള ഭാഷ പഠിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

2-6-2018-ലെ സ.ഉ.(അച്ചടി) നമ്പർ 14/18/പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിൽ മലയാളം ഒരു ഭാഷയായി പഠിപ്പിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള മലയാള ഭാഷാപഠന ചട്ടങ്ങൾ നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള സി.ബി.എസ്.ഇ. സ്കൂളുകളിലും മലയാള ഭാഷാപഠനം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

2-6-2018-ലെ സ.ഉ.(അച്ചടി) നമ്പർ 14/18/പൊ.വി.വ.. പ്രകാരം സംസ്ഥാനത്തെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്കൂൾതല പരിശോധനകൾ നടത്താൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രീയ വിദ്യാലയങ്ങളിലെ അക്കാദമിക നിർവ്വഹണത്തിൽ ഇടപെടുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിലും സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്.

വിദ്യാർത്ഥികളിലെ സ്പോർട്സ് അഭിരുചി

20 (*380) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതിയുടെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെയും ഭാഗമായി വിദ്യാർത്ഥികളിലെ സ്പോർട്സ് അഭിരുചി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരളത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമായാണ് കായിക വിദ്യാഭ്യാസവും സ്പോർട്സും ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ ശാരീരിക, മാനസിക, സാമൂഹിക വികാസമാണ് കായികപഠനം ലക്ഷ്യമിടുന്നത്. പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാർത്ഥികളിൽ കായിക അഭിരുചി വളർത്തുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയുടെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെയും ഭാഗമായി 38 കായിക ഇനങ്ങളിലായി മത്സരങ്ങൾ നടത്തിവരുന്നു. ഇത് സ്കൂൾ, സബ് ജില്ല, സംസ്ഥാന, ദേശീയ അന്തർദേശീയ തലം വരെ വിദ്യാർത്ഥികൾക്ക് മത്സരിക്കാനുള്ള സാധ്യത ഉറപ്പുനൽകുന്നു. കൂടാതെ പ്രൈമറി തലത്തിലെ കുട്ടികളെ കായികവിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നതിന് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കായികാധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. ഈ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ കോവിഡ് കാലത്തും ഓൺലൈനായി പരിശീലനങ്ങൾ യൂട്യൂബ് ചാനൽ വഴി സംഘടിപ്പിക്കുന്നു. 2020-21 വർഷം സർക്കാർ സ്കൂളുകൾക്ക് കായിക